بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ ①

# ജുമുഅഃ ഖുത്ബ സംഗ്രഹം 06.01.2023

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ്** (അയ്യദഹുല്ലാഹ്)

***യു.കെ.യിലെ മസ്ജിദ് മുബാറകിൽ നിർവഹിച്ചത്.***

## വഖ്ഫ് ജദീദ് പുതുവർഷ പ്രഖ്യാപനം 2023

اَشْهَدُ اَنْ لَّآاِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطَانِ الرَّجِيْمِ ○ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ ○
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ اَلرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ اِيَّاكَ
نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ○ اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ اَنْعَمْتَ
عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○ لَنْ تَنَالُوا الْبِرَّ حَتّٰى تُنْفِقُوْا
مِمَّا تُحِبُّوْنَ ۬ؕ وَمَا تُنْفِقُوْا مِنْ شَیْءٍ فَاِنَّ اللّٰهَ بِهٖ عَلِيْمٌ ﴿۹۳﴾

ഹദ്റത് മസീഹ് മൗഊദ്(അ) സൂറഃ ആലുഇംറാനിലെ 93ാം വചനത്തെ വിശദീകരിച്ചുകൊണ്ട് പറയുന്നു: നിങ്ങൾക്ക് പ്രിയപ്പെട്ട ധനത്തിൽ നിന്നും വസ്തുക്കളിൽ നിന്നും അല്ലാഹുവിന്റെ മാർഗത്തിൽ നിങ്ങൾ ചെലവഴിക്കുന്നതുവരെ യഥാർഥ മോക്ഷത്തിലേക്ക് നയിക്കുന്ന നന്മ പ്രാപിക്കാൻ നിങ്ങൾക്ക് സാധ്യമല്ല. സാമ്പത്തിക ത്യാഗത്തിന് അല്ലാഹു എത്രകണ്ട് പ്രാധാന്യം നൽകിയിട്ടുണ്ട് എന്നാൽ, തന്റെ പ്രിയപ്പെട്ട വസ്തുക്കൾ ദൈവതൃപ്തിക്കായി മനുഷ്യകുലത്തിന്റെ സഹാനുഭൂതിയിൽ ചെലവഴിക്കുമ്പോഴാണ് അല്ലാഹു തൃപ്തിപ്പെടുന്ന യഥാർഥ നന്മയായി ഗണിക്കപ്പെടുക. അത് മോക്ഷത്തിനു നിമിത്തമായിത്തീരുകയും ചെയ്യുന്നു.

ഒരാളുടെ പ്രിയപ്പെട്ട സമ്പത്ത് അല്ലാഹുവിന്റെ പ്രീതി നേടുന്നതിന് ത്യാഗം ചെയ്തുകൊണ്ട് അല്ലാഹുവിന്റെ മാർഗത്തിൽ നൽകുമ്പോൾ മാത്രമേ അത് സ്വീകരിക്കപ്പെടുകയുള്ളൂ, അതാണ് യഥാർഥ നന്മ. ഹദ്റത് മസീഹ് മൗഊദ്(അ) പറയുന്നു: ഈ ലോകത്ത് മനുഷ്യൻ സമ്പത്തിനെ വളരെയധികം സ്നേഹിക്കുന്നു. യഥാർഥ ഭക്തിയും വിശ്വാസവും കൈവരിക്കുന്നതിന് لَنْ تَنَالُوا الْبِرَّ حَتّٰى تُنْفِقُوْا مِمَّا تُحِبُّوْنَ എന്നാണ് പറഞ്ഞിരിക്കുന്നത്. നിങ്ങൾ ഇഷ്ടപ്പെടുന്നത് ചെലവഴിക്കുന്നതുവരെ യഥാർഥ നന്മ പ്രാപിക്കുകയില്ല. കാരണം ദൈവത്തിന്റെ സൃഷ്ടികളോടുള്ള അനുകമ്പയുടെയും പെരുമാറ്റത്തിന്റെയും വലിയ ഭാഗം ധനം ചെലവഴിക്കുന്നതിന്റെ ആവശ്യകതയെ വ്യക്തമാക്കുന്നുണ്ട്. മനുഷ്യകുലത്തോടും ദൈവസൃഷ്ടികളോടുമുള്ള സഹാനുഭൂതി വിശ്വാസത്തിന്റെ ഒരു ഭാഗമാണ്, അത് ഇല്ലാതെ വിശ്വാസം പൂർണവും ദൃഢവുമാവുകയില്ല. ഒരു വ്യക്തി സ്വയം ത്യാഗം ചെയ്യുന്നില്ലെങ്കിൽ മറ്റുള്ളവർക്ക് എങ്ങനെ പ്രയോജനം ലഭിക്കും? ഈ വാക്യത്തിൽ, അത്തരം ത്യാഗത്തിനുള്ള അധ്യാപനവും ഉപദേശവുമാണ് നൽകിയിട്ടുള്ളത്. അതിനാൽ, അല്ലാഹുവിന്റെ മാർഗത്തിൽ സമ്പത്ത് ചെലവഴിക്കുന്നത് മനുഷ്യന്റെ സൗഭാഗ്യത്തിന്റെയും ഭക്തിയുടെയും മാനദണ്ഡമാണ്.

റസൂലുല്ലാഹ്(സ) ഒരു ആവശ്യം പറയുകയും തന്റെ വീട്ടിലെ എല്ലാ സ്വത്തുക്കളുമായി വരികയും ചെയ്തു എന്നതായിരുന്നു ഹദ്റത്ത് അബൂബക്കർന്റെ ജീവിതത്തിൽ അല്ലാഹുവിനായുള്ള ത്യാഗത്തിന്റെ നിലവാരം. ഹദ്റത്ത് ഹക്കീം മൗലാനാ നൂറുദ്ദീൻ ഖലീഫത്തുൽ മസീഹ് അൽഅവ്വൽ, വാഗ്ദത്ത മസീഹ്(അ)ന്റെ കാലത്തും തന്റെ ദൗത്യം നിറവേറ്റുന്നതിനായി സാഹിത്യ പ്രസിദ്ധീകരണത്തിനും ഇസ്‌ലാമിന്റെ പ്രചാരണത്തിനുമായി ഏറ്റവും ഉയർന്ന മാതൃക കാണിച്ചു. അദ്ദേഹം വാഗ്ദത്ത മസീഹ്(അ)ന് എഴുതിയത്, ഞാൻ താങ്കളുടെ മാർഗത്തിൽ ത്യാഗസന്നദ്ധനാണ്. എന്റേതായിട്ടുള്ളത് ഒന്നും ഇനി എന്റേതല്ല. അങ്ങയുടേതാണ്. ഗുരുവും വഴികാട്ടിയും ആയ അങ്ങയോട് ആത്മാർത്ഥമായി ബോധിപ്പിക്കുന്നത്, എന്റെ എല്ലാ ധനവും സമ്പത്തും മതപ്രചാരണത്തിന് ചെലവഴിച്ചാൽ, ഞാൻ ലക്ഷ്യം പ്രാപിച്ചു.

അതുപോലെ, വാഗ്ദത്ത മസീഹ്(അ)ന് തങ്ങളുടെ കഴിവുകൾക്കനുസരിച്ച് അത്തരം ത്യാഗങ്ങൾ അർപ്പിച്ച അനേകം സ്വഹാബത്തുണ്ടായിരുന്നു. ഹദ്റത് മസീഹ് മൗഊദ്(അ) പറയുന്നു: അവരുടെ ത്യാഗങ്ങൾ കാണുമ്പോൾ എനിക്ക് അത്ഭുതം തോന്നുന്നു. വാഗ്ദത്ത മസീഹ്(അ)നു ശേഷം നിലനിൽക്കുന്ന ഖിലാഫത്ത് വ്യവസ്ഥിതിയുടെ എല്ലാ കാലങ്ങളിലും ത്യാഗങ്ങൾ അർപ്പിക്കുന്ന വ്യക്തികളെ നൽകിക്കൊണ്ടിരിക്കുന്നതിൽ നിന്ന് ഈ ത്യാഗങ്ങളുടെ ആവേശം എത്രത്തോളമുണ്ടെന്നു തെളിയിച്ചിരിക്കുന്നു. തങ്ങളുടെ വ്യക്തിപരമായ മുൻഗണനകൾ മാറ്റിവെച്ച്കൊണ്ട് കൂടുതൽ കൂടുതൽ ത്യാഗങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നു.

അല്ലാഹു തആലയുടെ അനുഗ്രഹത്താൽ ജമാഅ ത്തംഗങ്ങൾ ഇതിൽ നല്ലരീതിയിൽ പങ്കാളികളാകുന്നു. ത്യാഗം ചെയ്യുന്നവർക്ക് ലൗകിക നേട്ടങ്ങൾ മാത്രമല്ല, അവരുടെ വിശ്വാസത്തിലും വർധനവ് ഉണ്ടാകുന്നു.

ലോകമെമ്പാടുമുള്ള വിവിധ രാജ്യങ്ങളിൽ നിന്നുള്ള ജമാഅത്തംഗങ്ങളുടെ സാമ്പത്തിക ത്യാഗത്തിന്റെ വിശ്വാസ പ്രേരകമായ സംഭവങ്ങൾ അവതരിപ്പിച്ചുകൊണ്ട് ഹുസൂർ അൻവർ പറഞ്ഞു: ലൈബീരിയയിൽ നിന്നുള്ള ഒരു മുഅല്ലിം സാഹിബ് എഴുതുന്നു, വഖ്ഫ് ജദീദിന്റെ പിരിവിനായി ഞാൻ നവ അഹ്മദികളുടെ ജമാഅത്തിലെ ഒരു ഖാദിമിന്റെ വീട്ടിൽ പോയി. വീട്ടിൽ പണമില്ലാത്തതിന് മാതാവ് ക്ഷമാപണം നടത്തി. ഞങ്ങൾ തിരിച്ചു വന്നു. കുറച്ചു കഴിഞ്ഞപ്പോൾ ആ ഖാദിം ഓടി വന്ന്, ഈ പദ്ധതി നമ്മുടെ വീടിന് നഷ്ടമാകരുത് എന്ന് പറഞ്ഞ് തന്റെ സ്കൂൾ ഫീസിനായി വെച്ച ഇരുന്നൂറ്റി അൻപത് ലൈബീരിയൻ ഡോളർ നൽകി. പിന്നീട് ആ ഖാദിം എന്നോട് പറഞ്ഞു: എന്റെ ഒരു ബന്ധു എന്റെ സ്കൂളിന്റെ ആവശ്യങ്ങൾക്കായി 2500 ഡോളർ എനിക്ക് അയച്ചുതന്നു. അതുകൊണ്ട് ഞാൻ സ്കൂൾ ഫീസും മറ്റ് ആവശ്യങ്ങളും നിറവേറ്റുകയുണ്ടായി. എന്റെ ത്യാഗത്തേക്കാൾ പതിന്മടങ്ങ് അല്ലാഹു എന്നെ അനുഗ്രഹിച്ചിരിക്കുന്നു. ഇപ്രകാരം അല്ലാഹു ഹൃദയങ്ങളിൽ വിശ്വാസം സൃഷ്ടിക്കുന്നു.

ഇന്ത്യയിൽ നിന്നുള്ള ഇൻസ്പെക്ടർ സാഹിബ് വഖ്ഫ് ജദീദ് പറയുന്നത്, തമിഴ്നാട്ടിലെ മേലേ പാളയം ജമാഅത്തിലെ 2014 ൽ ബൈഅത്ത് ചെയ്ത ആത്മാർത്ഥനായ ഒരു അഹ്മദി പറയുന്നു: ബൈഅത്ത് ചെയ്ത സമയത്ത് ഞാൻ വഖ്ഫ് ജദീദ് ചന്ദഃയായി എന്റെ കഴിവനുസരിച്ച് നാലായിരം രൂപ വാഗ്ദാനം ചെയ്ത് അത് നൽകിയിരുന്നു. അതിനുശേഷം എല്ലാ വർഷവും തൗഫീഖ് അനുസരിച്ച് അത് വർധിപ്പിച്ചുകൊണ്ടിരുന്നു. അല്ലാഹു തആല ബിസിനസ്സിൽ കാര്യമായ പുരോഗതി നൽകികൊണ്ടിരുന്നു. കുറച്ച് സമയത്തിന് ശേഷം, ബാക്കിയുള്ള കുടുംബാംഗങ്ങളും ബൈഅത്ത് ചെയ്തു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ, ഇന്ന് എന്റെ വഖ്ഫ് ജദീദ് ചന്ദഃ അഞ്ച് ലക്ഷം രൂപയിലെത്തി. ലോക്ക്ഡൗൺ ഉണ്ടായിരുന്നിട്ടും, എന്റെ ചന്ദഃകളുടെ അനുഗ്രഹത്താൽ, ബിസിനസ്സിൽ ഒരു നഷ്ടവും ഉണ്ടായില്ല. പകരം അത് വളർന്നുകൊണ്ടേയിരുന്നു, അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഈ ബിസിനസ്സ് ഇപ്പോൾ ഇന്ത്യയിൽ നിന്ന് തായ്‌ലൻഡിലേക്കും വ്യാപിച്ചു. ഇത് ആണ് അല്ലാഹുവിന്റെ അനുഗ്രഹം. ചൂതാട്ടത്തിന്റെ തരത്തിലുള്ള ബിസിനസ്സല്ല. രൂപ നിക്ഷേപിച്ച് ബിസിനസ്സിൽ കഠിനാധ്വാനം ചെയ്തു; അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിച്ചപ്പോൾ, അല്ലാഹു അത് പല മടങ്ങ് വർധിപ്പിച്ചു.

പിന്നെ ഇന്ത്യയിൽ നിന്ന് മറ്റൊരു ഉദാഹരണമുണ്ട്. മലപ്പുറം മുബല്ലിഗ് ഇൻചാർജ് എഴുതുന്നു, സാമ്പത്തിക വർഷാവസാനം കണക്കിലെടുത്ത് നസിം സാഹിബ് മാലും വഖ്ഫ് ജദീദ് ഇൻസ്പെക്ടർ സാഹിബും സന്ദർശനത്തിലായിരുന്നു. അവിടത്തെ ആത്മാർത്ഥനായ ഒരു അഹ്മദി വ്യവസായി റഹ്മാൻ സാഹിബ്, തന്റെ കമ്പനിയിലേക്ക് വരാൻ ഫോണിലൂടെ ആവശ്യപ്പെട്ടുകൊണ്ട് പറഞ്ഞു: കമ്പനിയിക്ക് ഒരു പുതിയ ഭാഗം ഉണ്ടാക്കിയിട്ടുണ്ട് അവിടെ വന്നു ദുആ ചെയ്യണം. ഞങ്ങൾ അവിടെ ചെന്നപ്പോൾ ചോദിക്കാതെ തന്നെ 10 ലക്ഷം രൂപയുടെ ചെക്ക് സമ്മാനിച്ചു. പറഞ്ഞു: എന്റെ ഒരു വസ്തുവിന്റെ രജിസ്ട്രേഷനുവേണ്ടിയാണ് ഞാൻ ഈ പണം സൂക്ഷിച്ചിരുന്നത് എന്നാൽ താങ്കളുടെ സന്ദർശനത്തെത്തുടർന്ന് ഞാൻ വഖ്ഫ് ജദീദിൽ അടക്കുകയാണ്. രജിസ്ട്രേഷന്റെ തീയതി നീട്ടുകയും ചെയ്തു. കുറച്ച് ദിവസങ്ങൾക്ക് ശേഷം അദ്ദേഹം പറയുന്നു: പ്രത്യേക പരിശ്രമം കൂടാതെ തന്നെ ഒരു വലിയ തുക തനിക്ക് ലഭിച്ചു; അത് ആ വ്യക്തിയുടെ ആവശ്യത്തേക്കാൾ വളരെ കൂടുതലായിരുന്നു.

ഇന്തോനേഷ്യയിലെ അമീർ സാഹിബ് എഴുതുന്നു, ഒരു ചെറിയ ജമാഅത്തിലെ അംഗമായ അബ്ദുർറഹീം സാഹിബ് പറയുന്നു: എല്ലാ വർഷവും ഞാൻ വഖ്ഫ് ജദീദിലേക്ക് ചന്ദഃ നൽകാറുണ്ട്. 2019 ഉം 2020 ഉം എനിക്ക് ബുദ്ധിമുട്ടുള്ള വർഷങ്ങളായിരുന്നു. പുതിയൊരു ബിസിനസ്സ് തുടങ്ങിയതിന്റെ പേരിൽ ജോലി ഉപേക്ഷിച്ചിരുന്നു. ബിസിനസ്സും നടന്നില്ല; നിക്ഷേപവും അവസാനിച്ചു. വഖ്ഫ് ജദീദിന്റെ വാഗ്ദാനവും പൂർത്തിയാക്കാൻ ഒരു മാർഗവുമില്ലായിരുന്നു. എല്ലാ ദിവസവും തഹ്ജുദിൽ ദുആ ചെയ്യുകയും ഖലീഫത്തുൽ മസീഹിന് കത്തെഴുതുകയും ചെയ്തു. എന്നിരുന്നാലും, എങ്ങനെയോ തന്റെ വാഗ്ദാനം പൂർത്തിയാക്കി. ഏഴ് വർഷം മുമ്പ് ജോലി രാജിവെച്ച അതേ സ്ഥലത്ത് കുറച്ച് ദിവസങ്ങൾക്ക് ശേഷം ജോലിക്ക് വിളിച്ചു. 51ാം വയസ്സിൽ സ്ഥിരവരുമാനം സൃഷ്ടിച്ചത് അല്ലാഹുവിന്റെ അനുഗ്രഹം ഒന്നുകൊണ്ട് മാത്രമാണ്.

സെനഗൽ, സിറാലിയോൺ, ഗാംബിയ, കോംഗോകിൻഷാസ, മാസിഡോണിയ എന്നിവിട

ങ്ങളിലെ ജമാഅത്തംഗങ്ങളുടെ ചില വിശ്വാസ വർധക സംഭവങ്ങൾ അവതരിപ്പിച്ച ശേഷം ഹുസൂർ തിരുമനസ്സ് പറഞ്ഞു: ഈ ത്യാഗങ്ങൾ ചെയ്യുന്നവരുടെ നിലവാരം ഉയർത്താനുള്ള തൗഫീഖ് അല്ലാഹു നൽകട്ടെ. മെച്ചപ്പെട്ട അവസ്ഥ യിലായിരുന്നിട്ടും ത്യാഗത്തിന്റെ ഉയർന്ന നിലവാരം കാഴ്ച്ചവെക്കാത്തവർ, അല്ലാഹുവിന് നിങ്ങളുടെ ആശ്രയം ആവശ്യമില്ലെന്ന് ഉള്ള വാഗ്ദത്ത മസീഹ് പറഞ്ഞ കാര്യം മനസ്സിലാക്കുന്നവരാകട്ടെ. നിങ്ങ ൾക്ക് സേവിക്കാൻ അവസരം നൽകുന്നുവെന്നത് നിങ്ങളുടെ മേലുള്ള അല്ലാഹുവിന്റെ കൃപയാണ്. ജമാഅത്തിലെ ധനാർഢ്യർക്ക്, വാഗ്ദത്ത മസീ ഹിന്റെ വാക്കുകൾ മനസ്സിലാക്കാനുള്ള കഴിവ് അല്ലാഹു നൽകട്ടെ.

ഹുസൂർ തിരുമനസ്സ് 2023 ലെ വഖ്ഫ് ജദീദിന്റെ 66 ാം വാർഷിക പ്രഖ്യാപനം നടത്തിക്കൊണ്ട് പറഞ്ഞു: കഴിഞ്ഞ വർഷത്തെ വഖ്ഫ് ജദീദിന്റെ ചന്ദഃയായി ജമാഅത്തംഗങ്ങൾക്ക് ഒരു കോടി ഇരുപത് ലക്ഷത്തി പതിനയ്യായിരം പൗണ്ട് ത്യാഗം ചെയ്യാൻ സാധിച്ചു. ലോകത്തിന്റെ അവസ്ഥ മോശ മായിരുന്നിട്ടുകൂടി കഴിഞ്ഞ വർഷത്തേക്കാൾ ഒമ്പതു ലക്ഷത്തി ഇരുപത്തി എട്ടായിരം പൗണ്ട് കൂടുതലാണ് ഇത്. അൽഹംദുലില്ലാഹ്.

ഹുസൂർ തിരുമനസ്സ് പിന്നീട് പിരിവിന്റെ അടിസ് ഥാനത്തിൽ ലോകത്തിലെ വിവിധ ജമാഅത്തു കളുടെ സ്ഥാനം പ്രഖ്യാപിച്ചത് അനുസരിച്ച് ആദ്യത്തെ പത്ത് ജമാഅത്തുകൾ ഇപ്രകാരമാണ്, ബ്രിട്ടൻ, കാനഡ, ജർമ്മനി, അമേരിക്ക, ഇന്ത്യ, ഓസ്ട്രേലിയ, മിഡിൽ ഈസ്റ്റിൽ നിന്നുള്ള ഒരു ജമാഅത്ത്, ഇന്തോനേഷ്യ, മിഡിൽ ഈസ്റ്റിൽ നിന്നുള്ള മറ്റൊരു ജമാഅത്ത്, ബെൽജിയം.

ആളോഹരി വരുമാനത്തിന്റെ അടിസ്ഥാന ത്തിൽ രാജ്യങ്ങളുടെ സ്ഥാനം ഇപ്രകാരമാണ്, അമേരിക്ക, സ്വിറ്റ്സർലൻഡ്, യു.കെ., ഓസ്ട്രേ ലിയ, കാനഡ.

ആഫ്രിക്കയിലെ മൊത്ത വരുമാനത്തിന്റെ കാര്യ ത്തിൽ മികച്ച 10 രാജ്യങ്ങൾ, ഘാന, മൗറീഷ്യസ്, നൈജീരിയ, ബുർക്കിന ഫാസോ, ടാൻസാനിയ, ലൈബീരിയ, ഗാംബിയ, ഉഗാണ്ട, ബെനിൻ, സിറാ ലിയോൺ.

ഈ വർഷം പങ്കാളികളുടെ എണ്ണത്തിൽ 61,000 പേരുടെ വർധനവുണ്ടായി. ആകെ എണ്ണം പതി നഞ്ചു ലക്ഷത്തി ആറായിരമാണ്. ബ്രിട്ടൻ, കാനഡ, ജർമ്മനി, അമേരിക്ക, പാകിസ്ഥാൻ, ഇന്ത്യ, ഓസ്ട്രേലിയ എന്നീ രാജ്യങ്ങളിലെ ജമാ അത്തുകളുടെ സ്ഥാനം ഹുസൂർ അൻവർ പ്രഖ്യാ പിച്ചു. അതനുസരിച്ച് വുസൂലിയുടെ കാര്യത്തിൽ ഇന്ത്യയിലെ ആദ്യത്തെ പത്ത് സംസ്ഥാനങ്ങൾ, കേരളം, തമിഴ്നാട്, കർണാടക, ജമ്മു കാശ്മീർ, തെലങ്കാന, ഒഡീഷ, പഞ്ചാബ്, പശ്ചിമ ബംഗാൾ, മഹാരാഷ്ട്ര, ഡൽഹി,

ഇന്ത്യയിലെ ആദ്യ പത്ത് ജമാഅത്തുകൾ കോയമ്പത്തൂർ, ഹൈദരാബാദ്, ഖാദിയാൻ, കരു ളായ്, പത്തപ്പിരിയം, ബാംഗ്ലൂർ, മേലെപാളയം, കൽക്കത്ത, കോഴിക്കോട്, കേരംഗ് എന്നിവയാണ്.

സർവ്വശക്തനായ അല്ലാഹു പങ്കാളികളായ എല്ലാവരുടെ സമ്പത്തിലും ആത്മാവിലും അന ന്തമായ അനുഗ്രഹങ്ങൾ നൽകുമാറാകട്ടെ.

اَلْحَمْدُ لِلّٰهِ نَحْمَدُهٗ وَ نَسْتَعِيْنُهٗ وَ نَسْتَغْفِرُهٗ وَنُؤْمِنُ بِهٖ وَ نَتَوَكَّلُ عَلَيْهِ وَنَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ يُّضْلِلْهُ فَلَا هَادِىَ لَهٗ - وَنَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ - عِبَادَ اللّٰهِ رَحِمَكُمُ اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَاءِ ذِى الْقُرْبٰى وَ يَنْهٰى عَنِ الْفَحْشَاءِ وَ الْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ اُذْكُرُوا اللّٰهَ يَذْكُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ -

Friday Sermon Summary delivered by **Hadrat Khalifatul Masih Al-khamis** (atba)

at Masjid Mubarack U.K. – on 06.01.2023

Malayalam Translation & Layout: **Moulavi T. Jamshad Mukkam** For Malayalam Desk, Qadian.

Published By Nazarat Nashr-O-Isha'at, Sadr Anjuman Ahmadiyya - Qadian, 143516